# ‘പെസ’

## കൈപ്പുസ്തകം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581, കേരളം

ഫെബ്രുവരി 2016

# ‘പെസ’ (PESA)

(കൈപ്പുസ്തകം)

ഫെബ്രുവരി 2016

*ചീഫ് എഡിറ്റർ*
**ഡോ. പി.പി. ബാലൻ**
ഡയറക്ടർ, കില

*എഡിറ്റർ*
**ഡോ.ജെ.ബി.രാജൻ**
കോഴ്സ് ഡയറക്ടർ, കില

*അസോസിയേറ്റ് എഡിറ്റർ*
**വി.കെ. മോഹൻകുമാർ**
എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില

**അനിൽകുമാർ പി.വൈ.**
എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581, കേരളം
ഫോൺ : 04872207000 (ഓഫീസ്) 04872201312 (ഡയറക്ടർ),
2201312 (ഡപ്യൂട്ടി ഡയറക്ടർ), 2201062 (ഫാക്സ്)
ഇ-മെയിൽ : kilathrissur@gmail.com, mail@kilaonline.org
Website : www.kilaonline.org

ലേ ഔട്ട് & കവർ
രാജേഷ് താണിക്കുടം

അച്ചടി
കോ-ഓപ്പറേറ്റീവ് പ്രസ്സ്,
മുളങ്കുന്നത്തുകാവ്, 2200391, 9895566621

## ഉള്ളടക്കം

1. പെസ ആക്ട് ആമുഖം ........ 1
2. പെസ ആക്ട് കരട് രൂപം ........ 4
3. പെസ നടപ്പിലാക്കുന്ന പ്രദേശങ്ങൾ ........ 9

# പെസ ആക്ട്, 1996
## (Panchayat Extension to the Scheduled Area – PESA)

**ആമുഖം**

ഭരണഘടനയുടെ 244(1)-ാം അനുഛേദത്തിലെ 5-ാം പട്ടിക പ്രകാരമാണ് സംസ്ഥാനങ്ങളിലെ പട്ടിക പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. പട്ടിക പ്രദേശങ്ങളിൽ, കേന്ദ്ര-സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ നടപ്പിലാക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ആദിവാസികളുടെ ഉപദേശക കൗൺസിലിനാണ്. ഭൂമി കൈമാറ്റം, ഭൂമി അനുവദിക്കുന്നതിനുള്ള നിയന്ത്രണം, കച്ചവടവും പണം കടം കൊടുക്കലിനുമുള്ള നിയന്ത്രണം, ആദിവാസികളുടെ ഉപദേശക കൗൺസിൽ തുടങ്ങിയ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് ഈ നിയമം. പ്രസ്തുത പട്ടികയിലെ 6-ാം ഖണ്ഡികയിലെ 2-ാം ഉപ വകുപ്പ് അനുസരിച്ച് പുതിയതായി നിർദ്ദേശിക്കപ്പെടുന്ന പ്രദേശങ്ങൾകൂടി 5-ാം പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കിയപ്പോൾ (1975ൽ) ബീഹാർ, ഗുജറാത്ത്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ, രാജസ്ഥാൻ, ഹിമാചൽപ്രദേശ്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ കൂടുതൽ പട്ടികപ്രദേശങ്ങൾക്കുവേണ്ടി എടുത്ത നടപടികൾ ഫലവത്തായത്. ഇതിന് പ്രേരണയായത് 5-ാം പട്ടികയിലെ പ്രത്യേക പരിരക്ഷകളും അധികാരങ്ങളും പട്ടികവർഗ്ഗ ഉപപദ്ധതിയുടെ നടത്തിപ്പിൽ കൂടുതൽ കാര്യക്ഷമത ഉണ്ടാക്കുവാൻ സാധിക്കുമെന്നതിലാണ്.

കേന്ദ്ര സർക്കാർ താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പട്ടിക പ്രദേശങ്ങളെ സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നത്.

- പട്ടികവർഗ്ഗ ജനങ്ങളുടെ ആധിപത്യമുള്ള പ്രദേശങ്ങൾ
- സംയോജിപ്പിക്കുവാനും മതിയായ വലുപ്പവും ഉള്ള പ്രദേശങ്ങൾ
- ആ പ്രദേശത്തിന്റെ വികസന പിന്നാക്കാവസ്ഥ
- ആ പ്രദേശത്ത് വസിക്കുന്ന ഇതര ജനവിഭാഗങ്ങളുമായിട്ടുള്ള പ്രത്യക്ഷമായ വികസന വിടവ്

**'പെസ' പശ്ചാത്തലം**

1961-ൽ ധേബർ കമ്മീഷനാണ് പട്ടികവർഗ്ഗ പ്രദേശങ്ങളിലേയും അല്ലാതെയും ജീവിക്കുന്നവരുടെ സമഗ്ര വികസനത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചത്. 1975 കളിൽ കേന്ദ്രസർക്കാർ പട്ടികവർഗ്ഗ ഉപപദ്ധതി (TSP – Tribal Sub Plan) നടപ്പിലാക്കി. 1994 ൽ പഞ്ചായത്തീരാജ് നിയമം പാസ്സാക്കി. തുടർന്നാണ് ഭൂരിയ കമ്മീഷന്റെ നിർദ്ദേശത്തോടെ 1996 ൽ പെസ നിയമം നിലവിൽവന്നത്. (അനുബന്ധം-1 കാണുക). ഭരണഘടനക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി ചിട്ടപ്പെടുത്തിയ ഭരണക്രമമാണ് 'പെസ' എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയ ആക്ട് 1996 (PESA – Panchayat Extension to the Scheduled Area, Act 1996). 5-ാം പട്ടികയുടെ തുടക്കത്തിൽ നൽകിയിരുന്ന വ്യവസ്ഥകൾ പെസ മുഖാന്തിരം കൂടുതൽ വിപുലീകരിക്കുകയുണ്ടായി. ഇതിനു ചുവടുപിടിച്ച് 2006 ൽ വനാവകാശ നിയമം നിലവിൽ വന്നതെങ്കിലും സാമൂഹ്യാവകാശവും വികസനാവകാശവും ആദിവാസികൾക്ക് നൽകുന്നതിൽ വേണ്ടത്ര മുന്നോട്ടുപോകാനായില്ല. തുടർന്ന് കേന്ദ്രസർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ഇന്ത്യയിൽ ആദ്യമായി ഹാബിറ്റാറ്റ് റൈറ്റ്സ് നടപ്പിലാക്കിയത് 2015-ൽ മധ്യപ്രദേശിലെ എട്ട് ജില്ലകളിലാണ്.

ഇതിനിടെ 2007 ലാണ് ഐക്യരാഷ്ട്രസഭയുടെ തദ്ദേശീയ ജനതയുടെ അവകാശങ്ങൾ സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായത്. പ്രസ്തുത പ്രഖ്യാപനത്തിലെ ആർട്ടിക്കിൾ 18, 19, 20, 25 എന്നിവയിൽ ആദിവാസികളുടെ ഗ്രാമസഭയെ അംഗീകരിക്കുകയും അവർക്കുള്ള നിയമ നിർമ്മാണങ്ങളിലും ഭരണപരമായ കാര്യങ്ങളിലും ഐക്യരാഷ്ട്രസഭാ പ്രഖ്യാപനത്തിൽ ഒപ്പുവച്ച രാജ്യങ്ങൾ അനുവർത്തിക്കേണ്ട നടപടികളെക്കുറിച്ചുമാണ് പറയുന്നത്. 146 രാജ്യങ്ങൾ ഒപ്പിട്ട പ്രഖ്യാപനത്തിൽ ഇന്ത്യയും അംഗമാണ്. ഇത്തരം ഉടമ്പടികളിൽ കക്ഷിചേർന്ന ഇന്ത്യക്കും ആദിവാസികളുടെ പരമ്പരാഗതമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

**'പെസ' (PESA) യുടെ പ്രസക്തി**

വിദ്യാഭ്യാസം, ആരോഗ്യം, മനുഷ്യവിഭവശേഷി എന്നിവയുടെ വികസനത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിലാണെങ്കിലും, ആദിവാസി സമൂഹങ്ങളുടെ വികസനം വളരെ പിന്നിലാണ്.



ഇതിനുവേണ്ടിയുള്ള പരിഹാരമാർഗ്ഗമെന്ന നിലയിലാണ് പെസയുടെ പരിരക്ഷകളും കൂടി ഈ സംസ്ഥാനത്ത് വസിക്കുന്ന പട്ടികവർഗ്ഗ ജനതക്ക് ആവശ്യമായിവരുന്നത്. ഇനിമേൽ അഞ്ചാം പട്ടികയിൽപ്പെടുന്ന പ്രദേശങ്ങളിലെ നിയന്ത്രണം ആദിവാസി ഗ്രാമസഭകൾക്കായിരിക്കും. ആദിവാസി ജനസമൂഹത്തിന്റെ ക്ഷേമ, വികസന പ്രവർത്തനങ്ങൾ പെസയിലൂടെ കൂടുതൽ കാര്യക്ഷമമാകുമെന്നതാണ് ഇതിന്റെ പ്രത്യേകതയായി ചൂണ്ടിക്കാണിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ തനതു പരമ്പരാഗത ആചാരങ്ങളും ജീവിതരീതികളും പ്രകൃതിവിഭവങ്ങളിൽ അവർക്കുള്ള അധികാരവും ഉറപ്പും നൽകുന്നതാണ് പ്രസ്തുത നിയമം.

ആദിവാസി സമൂഹത്തിന്റെ സ്വത്തിനും ജീവനും കുടുതൽ സുരക്ഷിതത്വം ഉറപ്പാക്കി, ഇവർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ അവർക്കുതന്നെ സ്വയംഭരണാവകാശം ഉറപ്പാക്കുന്നതാണ് പെസ. കേരള സർക്കാർ തയ്യാറാക്കിയ മാർഗ്ഗരേഖ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിയമമനുസരിച്ച് ഷെഡ്യൂൾഡ് ഏരിയാസ് (കേരള സ്റ്റേറ്റ്) ഓർഡർ 2015 എന്ന പേരിലായിരിക്കും ഈ നിയമം അറിയപ്പെടുക.

**'പെസ' അഞ്ച് ജില്ലകളിൽ**

കേരളത്തിലെ വയനാട്, കണ്ണൂർ, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ അഞ്ചു ജില്ലകളാണ് 'പെസ'യുടെ പരിധിയിൽ വരിക. ഈ ജില്ലകളിലെ 31 ഗ്രാമപഞ്ചായത്തുകളും മൂന്ന് നഗരസഭകളും ഉൾപ്പെടുന്ന ആദിവാസി പ്രദേശങ്ങൾ പെസയുടെ പരിധിയിൽ വരുന്ന മേഖലകളായി കേന്ദ്രസർക്കാർ വിജ്ഞാപനത്തിന്റെ അനുമതിക്കായി കാത്തിരിക്കുന്നു. (അനുബന്ധം-2 കാണുക). നിരന്തരം അവഗണനയും അവകാശ നിഷേധങ്ങളും ഉണ്ടാകാതെ ബാഹ്യശക്തിയുടെ ഇടപെടലില്ലാതെ ആദിവാസികൾക്ക് ഗ്രാമസഭകൾ രൂപീകരിച്ച് ഭരണം നടത്താൻ വ്യവസ്ഥ ചെയ്യുന്ന 'പെസ' നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനത്തിന് അനുകൂലമായ പ്രതികരണമാണ് ആദിവാസി മേഖലകളിൽ നിന്നും സംഘടനകളിൽ നിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് ചരിത്രത്തിലെ ഏറ്റവും വലിയ ധർമ്മവും നീതിയുമാണ് 'പെസ'യിലൂടെ കൈവരുന്നത്.

**അനുബന്ധം – 1**

## പഞ്ചായത്തുകളുടെ നിയമവ്യവസ്ഥകൾ (പട്ടികപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) ആക്ട്, 1996

### 1996 ലെ 40–ാം നമ്പർ ആക്ടിന്റെ മലയാളത്തിലുള്ള കരട് രൂപം

പഞ്ചായത്തുകളെക്കുറിച്ചുള്ള ഭരണഘടനയുടെ ഒമ്പതാം ഖണ്ഡികയിലെ നിയമ വ്യവസ്ഥകൾ പട്ടികപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള ആക്ട്.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ നാൽപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു.

1. ഈ ആക്ടിനെ പഞ്ചായത്തുകളുടെ നിയമ വ്യവസ്ഥകൾ (പട്ടികപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ) ആക്ട് 1996 എന്ന് വിളിക്കാവുന്നതാണ്.

2. ഈ ആക്ടിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, 'പട്ടികപ്രദേശം' എന്നാൽ ഭരണഘടനയുടെ 244–ാം അനുച്ഛേദത്തിന്റെ ഒന്നാം ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള പട്ടികപ്രദേശം എന്നർത്ഥമാകുന്നു.

3. ഈ നിയമത്തിന്റെ 4–ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒഴിവാക്കലുകൾക്കും ഭേദപ്പെടുത്തലുകൾക്കും വിധേയമായി ഭരണഘടനയുടെ ഖണ്ഡിക IX ലെ പഞ്ചായത്തുകളെ കുറിച്ചുള്ള വ്യവസ്ഥകൾ പട്ടികപ്രദേശങ്ങളിലേക്ക് ഇതിനാൽ വ്യാപിപ്പിച്ചു കൊള്ളന്നു.

4. ഭരണഘടനയുടെ ഒമ്പതാം ഖണ്ഡികയിൽ എന്തുതന്നെ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും താഴെ പറയുന്ന സവിശേഷതകളിൽ ഏതെങ്കിലുമായി പൊരുത്തപ്പെടാത്ത യാതൊരു നിയമവും സംസ്ഥാന നിയമസഭ പ്രസ്തുത ഖണ്ഡികക്കു കീഴിൽ നിർമ്മിക്കുവാൻ പാടില്ലാത്തതാകുന്നു.

   എ) പഞ്ചായത്തുകളെക്കുറിച്ച് സംസ്ഥാനം നടത്തുന്ന നിയമനിർമ്മാണം ഗോത്രസമൂഹങ്ങളുടെ ആചാരപരമായ നിയമങ്ങൾ, സാമൂഹികവും മതപരവുമായ അനുഷ്ഠാനങ്ങൾ, പൊതുവിഭവങ്ങളുടെ പരമ്പരാഗതമായ കൈകാര്യ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായിരിക്കണം.



ബി) സാധാരണ ഗതിയിൽ ഒരേ സമുദായം അധിവസിക്കുകയും പാരമ്പര്യത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും അനുസൃതമായി ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു ആവാസ കേന്ദ്രമോ, ഒരുകൂട്ടം ആവാസകേന്ദ്രങ്ങളോ, ഒരു സങ്കേതമോ, ഒന്നിലധികം സങ്കേതങ്ങളോ ഉൾപ്പെടുന്നതാണ് ഒരു 'ഗ്രാമം'.

സി) ഓരോ ഗ്രാമത്തിലും പഞ്ചായത്തിന്റെ വോട്ടർ പട്ടികയിൽ പേരു ഉൾപ്പെട്ടവർ അടങ്ങുന്ന ഗ്രാമസഭ ഉണ്ടായിരിക്കേണ്ടതാണ്.

ഡി) ഓരോ ഗ്രാമസഭയ്ക്കും അവിടുത്തെ ജനങ്ങളുടെ പാരമ്പര്യവും ആചാരങ്ങളും സാംസ്കാരികത്തനിമയും പൊതുവിഭവങ്ങളും, തർക്കപരിഹാര സമ്പ്രദായങ്ങളും കാത്തുസൂക്ഷിക്കുന്നതിനും, നിലനിർത്തുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഇ) ഓരോ ഗ്രാമസഭയും:-

   1) പഞ്ചായത്ത് ആവിഷ്ക്കരിക്കുന്ന സാമൂഹിക സാമ്പത്തിക വികസന പദ്ധതികളും പരിപാടികളും, പ്രോജക്ടുകളും ഗ്രാമതലത്തിൽ നിർവ്വഹണം നടത്തുന്നതിനു മുമ്പ് അത്തരം പദ്ധതികളും പരിപാടികളും പ്രൊജക്ടുകളും അംഗീകരിക്കേണ്ടതാണ്.

   2) ദാരിദ്ര്യ ലഘൂകരണത്തിനും മറ്റു പരിപാടികൾക്കുമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്.

എഫ്) ഖണ്ഡിക ഇ-യിൽ പരാമർശിക്കുന്ന പദ്ധതികൾക്കും, പരിപാടികൾക്കും, പ്രോജക്ടുകൾക്കും ഗ്രാമതലത്തിൽ അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഗ്രാമസഭയിൽ നിന്നും ഓരോ പഞ്ചായത്തും നേടേണ്ടതാണ്.

ജി) പട്ടികപ്രദേശങ്ങളിലെ ഓരോ പഞ്ചായത്തിലേയും സീറ്റുകളുടെ സംവരണം ഭരണഘടനയുടെ ഒമ്പതാം ഖണ്ഡികയിൽ സംവരണത്തിന് അർഹതയുള്ളതായി നിശ്ചയിച്ചി

ട്ടുള്ള സമുദായങ്ങളുടെ അതതു പഞ്ചായത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടായിരിക്കണം.

എന്നാൽ, പട്ടികവർഗ്ഗക്കാരുടെ സംവരണം ആകെ സീറ്റുകളുടെ പകുതിയിൽ കുറയാൻ പാടില്ല.

കൂടാതെ, ത്രിതല പഞ്ചായത്തുകളിലെ എല്ലാ തലത്തിലുമുള്ള ചെയർപേഴ്സൺ സ്ഥാനം പട്ടികവർഗ്ഗക്കാർക്കു സംവരണം ചെയ്യേണ്ടതാണ്.

എച്ച്) ജില്ലാതല പഞ്ചായത്തിലും മദ്ധ്യതല പഞ്ചായത്തിലും പ്രാതിനിധ്യം ഇല്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വ്യക്തികളെ സർക്കാരിനു നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

എന്നാൽ ഇപ്രകാരം നാമനിർദ്ദേശം ചെയ്യുന്നവരുടെ എണ്ണം ആകെ തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ പത്തിൽ ഒന്നിൽ കൂടുതലായിരിക്കരുത്.

ഐ) പട്ടിക പ്രദേശങ്ങളിലെ വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ, അത്തരം പ്രൊജക്ടുകൾക്കുവേണ്ടി ഒഴിപ്പിക്കുന്നവരെ മാറ്റിപ്പാർപ്പിക്കൽ, പുനരധിവസിപ്പിക്കൽ മുതലായ കാര്യങ്ങൾ അതത് ഗ്രാമസഭയുമായും ബന്ധപ്പെട്ട പഞ്ചായത്തുകളുമായും കൂടിയാലോചിച്ച് നടത്തേണ്ടതാണ്. പട്ടിക പ്രദേശങ്ങളിലെ ഇത്തരം പ്രൊജക്ടുകളുടെ യഥാർത്ഥത്തിലുള്ള ആസൂത്രണവും നിർവഹണവും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.

ജെ) പട്ടിക പ്രദേശങ്ങളിലെ ചെറുകിട ജലാശയങ്ങളുടെ ആസൂത്രണവും നടത്തിപ്പും ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണ്.

കെ) പട്ടിക പ്രദേശങ്ങളിലെ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിന് ലൈസൻസോ, പാട്ടമോ നൽകുന്നതിനുമുമ്പായി ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനത്തിന്റെയോ, ഗ്രാമസഭയുടെയോ ശുപാർശ നിർബന്ധിതമാക്കേണ്ടതാണ്.

എൽ) പട്ടിക പ്രദേശങ്ങളിൽ നിന്നു ലേലത്തിലൂടെ ചെറുധാതുക്കൾ ഖനനം ചെയ്യുന്നതിൽ ഇളവ് അനുവദിക്കുന്നതിന്



ഗ്രാമസഭയുടെയോ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനത്തിന്റെയോ മുൻകൂട്ടിയുള്ള ശുപാർശ നിർബന്ധിതമാക്കേണ്ടതാണ്.

എം) പട്ടിക പ്രദേശങ്ങളിലെ പഞ്ചായത്തുകൾക്ക് സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരവും ചുമതലയും പ്രദാനം ചെയ്യുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനത്തിനും ഗ്രാമസഭയ്ക്കും താഴെ പറയുന്ന അധികാരങ്ങൾ കൃത്യമായി നൽകിയിട്ടുണ്ടെന്ന് സംസ്ഥാന നിയമസഭ ഉറപ്പുവരുത്തേണ്ടതാണ്.

i) മദ്യനിരോധനം ഏർപ്പെടുത്തുന്നതിനും ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിന്ത്രിക്കുന്നതിനോ പരിമിതപ്പെടുത്തുന്നതിനോ ഉള്ള അധികാരം.

ii) ചെറുകിട വനവിഭവങ്ങളുടെ ഉടമസ്ഥാവകാശം.

iii) പട്ടിക പ്രദേശങ്ങളിലെ ഭൂമി അന്യാധീനപ്പെടുത്തൽ തടയുന്നതിനും നിയമവിരുദ്ധമായി അന്യാധീനപ്പെടുത്തിയ പട്ടികവർഗ്ഗക്കാരന്റെ ഭൂമി തിരിച്ചെടുക്കുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം.

iv) ഗ്രാമചന്തകൾ ഏതു പേരിൽ അറിയപ്പെട്ടാലും അവയുടെ നടത്തിപ്പിനുള്ള അധികാരം.

v) പട്ടികവർഗ്ഗക്കാർക്ക് പണം വായ്പ കൊടുക്കലിന് നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം.

vi) സാമൂഹ്യസേവന രംഗത്തുള്ള എല്ലാ സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും മേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം.

vii) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം (ട്രൈബൽ സബ് പ്ലാൻ ഫണ്ട്) ഉൾപ്പെടെയുള്ള പ്രാദേശിക ആസൂത്രണ പദ്ധതികളുടെയും അവയുടെ സാമ്പത്തിക വിഭവങ്ങളുടെയും നിയന്ത്രണാധികാരം.

എൻ) പഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരവും ചുമതലയും നൽകുന്ന സംസ്ഥാന നിയമങ്ങളിൽ മേൽത്തട്ടു പഞ്ചായ

ത്തുകൾ ഏതെങ്കിലും കീഴ്ത്തട്ട് പഞ്ചായത്തിന്റെയോ ഗ്രാമ സഭയുടെയോ അധികാരവും ചുമതലയും ഏറ്റെടുക്കാതിരിക്കാൻ വേണ്ട പരിരക്ഷകൾ ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ഒ) പട്ടിക പ്രദേശങ്ങളിലെ ജില്ലാതല പഞ്ചായത്തുകളിൽ ഭരണപരമായ ക്രമീകരണങ്ങൾ രൂപപ്പെടുത്തുമ്പോൾ ഭരണഘടനയിലെ ആറാം പട്ടികയുടെ മാതൃക നിലനിർത്തുന്നതിനു സംസ്ഥാന നിയമസഭ പരിശ്രമിക്കേണ്ടതാണ്.

5. ഭരണഘടനയുടെ ഖണ്ഡിക IX ലും ഈ ആക്ടിലൂടെ വരുത്തിയ ഒഴിവാക്കലുകളിലും ഭേദപ്പെടുത്തലുകളിലും എന്തു തന്നെ ആയിരുന്നാലും ഈ ആക്ടിനു പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്ന തീയതിക്കു തൊട്ടുമുമ്പുവരെ പ്രാബല്യത്തിലുണ്ടായിരുന്ന പട്ടിക പ്രദേശങ്ങളിലെ പഞ്ചായത്തുകളെ സംബന്ധിച്ച ഒമ്പതാം ഖണ്ഡികയിലെ നിയമവ്യവസ്ഥകളുമായും ഒഴിവാക്കലുകളുമായും ഭേദപ്പെടുത്തലുകളുമായും പൊരുത്തപ്പെടാത്ത ഏതൊരു നിയമത്തിലെ ഏതൊരു വ്യവസ്ഥയും അധികാരപ്പെട്ട നിയമനിർമ്മാണ സഭയോ, അധികാരകേന്ദ്രമോ ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യുന്നതുവരെയോ അല്ലെങ്കിൽ ഈ ആക്ടിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാക്കുന്നതുവരെയോ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ ഈ തീയതിക്കു തൊട്ടുമുമ്പ് നിലനിന്നിരുന്ന എല്ലാ പഞ്ചായത്തുകൾക്കും സംസ്ഥാന നിയമസഭയോ, നിയമനിർമ്മാണ കൗൺസിൽ നിലവിലുള്ള സംസ്ഥാനങ്ങളിൽ ഇരു സഭകളുമോ പാസ്സാക്കുന്ന പ്രമേയംവഴി മുമ്പേ പിരിച്ചുവിടുന്നില്ലാത്തപക്ഷം അവരുടെ കാലാവധി തീരുന്നതുവരെ തുടരാവുന്നതാണ്.



**അനുബന്ധം – 2**

## കേരളത്തിൽ PESA - നിയമം നടപ്പിലാക്കുന്ന പ്രദേശങ്ങൾ

| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/വാർഡ് | ഊരുകളുടെ എണ്ണം |
|---|---|---|---|
| 1. | ഇടുക്കി | 1. ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | 28 |
| 2. | കണ്ണൂർ | 2. ആറളം ഗ്രാമപഞ്ചായത്തിലെ VI -ാം വാർഡ് | 6 |
| 3. | പാലക്കാട് | 3. അഗളി ഗ്രാമപഞ്ചായത്ത് | 73 |
| | | 4. പുതൂർ ഗ്രാമപഞ്ചായത്ത് | 67 |
| | | 5. ഷോളയൂർ ഗ്രാമപഞ്ചായത്ത് | 52 |
| 4. | മലപ്പുറം | 6. അമരമ്പലം ഗ്രാമപഞ്ചായത്ത് | 1 |
| | | 7. വഴിക്കടവ് ഗ്രാമപഞ്ചായത്ത് | 1 |
| | | 8. കരുളായി ഗ്രാമപഞ്ചായത്ത് | 16 |
| 5. | വയനാട് | 9. തിരുനെല്ലി ഗ്രാമപഞ്ചായത്ത് | 64 |
| | | 10. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 212 |
| | | 11. മേപ്പാടി ഗ്രാമപഞ്ചായത്ത് | 53 |
| | | 12. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 41 |
| | | 13. മുട്ടിൽ ഗ്രാമപഞ്ചായത്ത് | 97 |
| | | 14. നെൻമേനി ഗ്രാമപഞ്ചായത്ത് | 97 |
| | | 15. അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 15 |
| | | 16. മുപ്പൈനാട് ഗ്രാമപഞ്ചായത്ത് | 10 |
| | | 17. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 99 |
| | | 18. കോട്ടത്തറ ഗ്രാമപഞ്ചായത്ത് | 100 |
| | | 19. മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 104 |
| | | 20. സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്(ഇപ്പോൾ നഗരസഭ) | 75 |
| | | 21. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | 134 |
| | | 22. പൊഴുതന ഗ്രാമപഞ്ചായത്ത് | 26 |
| | | 23. പൂതാടി ഗ്രാമപഞ്ചായത്ത് | 150 |
| | | 24. പനമരം ഗ്രാമപഞ്ചായത്ത് | 182 |
| | | 25. പടിഞ്ഞാറെ തറ ഗ്രാമപഞ്ചായത്ത് | 63 |
| | | 26. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | 116 |
| | | 27. വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | 68 |
| | | 28. വൈത്തിരി ഗ്രാമപഞ്ചായത്ത് | 6 |
| | | 29. ഇടവക ഗ്രാമപഞ്ചായത്ത് | 84 |
| | | 30. മാനന്തവാടി ഗ്രാമപഞ്ചായത്ത്(ഇപ്പോൾ നഗരസഭ) | 106 |
| | | 31. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | 84 |
| | | 32. തരിയോട് ഗ്രാമപഞ്ചായത്ത് | 79 |
| | | 33. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | 91 |
| | | 34. കൽപ്പറ്റ മുനിസിപ്പാലിറ്റി | 45 |
| | | **ആകെ** | **2445** |

# PESA
# (Panchayat Extension to Scheduled Area) in Kerala

| Districts | Panchayat | Municipality | Ooru |
|---|---|---|---|
| Idukki | 1 | - | 28 |
| Kannur | 1 | - | 6 |
| Palakkad | 3 | - | 192 |
| Malappuram | 3 | - | 18 |
| Wayanad | 23 | 3 | 2201 |
| **Total** | **31** | **3** | **2445** |